ഉത്തരം

(എ) മരപ്പാലം, മുറിഞ്ഞപാലം ഇവ വീതികൂട്ടി പുതുക്കിപ്പണിയുന്നതിനുള്ള പദ്ധതിയുണ്ട്.

(ബി—ഇ) തലസ്ഥാന നഗര വികസന പദ്ധതിയിൽപ്പെടുത്തി റോഡ് ഫണ്ടിന് കീഴിൽ TRDCL എന്ന കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷം പണി ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുണ്ടമൺകടവ് പാലം പുതുക്കി പണിയുന്നതിനായി വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കി വരുന്നു.

ആലുവ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

122 [1246] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ എടമുളക്കടവ്, കുഞ്ഞുണ്ണിക്കര പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് എന്തെല്ലാം നടപടികൾ ഇതിനകം പൂർത്തിയായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പാലങ്ങൾ നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുവാനാണോ സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) നബാർഡിൽ നിന്നും ധനസഹായം ലഭിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം നിമിത്തം മേൽപ്പറഞ്ഞ പാലങ്ങളുടെ നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നബാർഡിന്റെ ധനസഹായം അടിയന്തിരമായി ലഭ്യമാക്കുന്നതിനും പാലങ്ങളുടെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുഞ്ഞുണ്ണിക്കര പാലത്തിന്റെയും എടമുളക്കടവ് പാലത്തിന്റെയും വിശദമായ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡ് ധനസഹായത്തിനായി അയച്ചിരിക്കുകയാണ്.

(ബി) അതെ.

(സി) ഉണ്ട്.

(ഡി) നബാർഡിന്റെ അനുമതി വേഗമാക്കാൻ സമ്മർദ്ദം ചെലുത്തുന്നുണ്ട്. നബാർഡിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ്.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly